പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1378 — 30.09.2011- ൽ മറുപടിയ്ക്ക്

## കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ്കുമാർ : | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ബാണാസുരസാഗർ ഡാമിന്റെ ഷട്ടർ തുറന്നുവിട്ടപ്പോൾ വയനാട്ടിലെ പടിഞ്ഞാറത്തറ, കോട്ടത്തറ, പനമരം തുടങ്ങിയ പഞ്ചായത്തുകളിലെ കർഷകരുടെ നെൽകൃഷി വ്യാപകമായി നശിച്ചതു സംബന്ധിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. സെപ്റ്റംബർ 1 നും, 2നും ഡാം തുറന്നുവിട്ടപ്പോൾ 223 ഹെക്ടർ നെൽകൃഷിക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. |
| ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | ബി) | നഷ്ടപ്പെട്ട ഞാറ്റടി തയ്യാറാക്കുന്നതിന് 17.84 ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്ന കാര്യം പരിശോധനയിലാണ്. |
| സി) വർഷക്കാലത്ത് വെള്ളപ്പൊക്കവും വേനൽക്കാലത്ത് ജല ദൗർലഭ്യവും നേരിടുന്ന കർഷകർക്ക് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സി) | മണ്ണ്-ജല സംരക്ഷണത്തിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. വേനൽ കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുവാൻ തടയണകൾ, തലക്കുളങ്ങൾ, ജലസംഭരണികൾ എന്നിവ നിർമ്മിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ